**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1541** **19-09-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ അധ്യാപക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് സ്കൂൾ അധ്യാപക നിയമനങ്ങൾ അംഗീകരിച്ച് കിട്ടുന്നതിന് അകാരണമായി കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് -11 KER അധ്യായം XIV A ചട്ടം 1, 7, 8 എന്നിവ പ്രകാരം, എയ്ഡഡ് സ്കൂളിലെ നിയമനം സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പ്രസ്തുത സ്കൂൾ മാനേജർ ആണ് നടത്തുന്നത്. KER അധ്യായം XIV A ചട്ടം 8 (2) പ്രകാരം വിദ്യാഭ്യാസ ആഫീസുകളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതാണ്. ചട്ടപ്രകാരമുള്ളതും വ്യവസ്ഥാപിത ഒഴിവ് ലഭ്യമായതുമായ എല്ലാ നിയമനങ്ങളും വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഹൈക്കോടതിവിധി എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ കാലതാമസം വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ; | (ബി) | ഇല്ല. ബഹു. ഹൈക്കോടതിയുടെയും ബഹു. സുപ്രീം കോടതിയുടെയും നിർദേശങ്ങൾക്കനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ 18/11/2018 നും 08/11/2021 നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായും 08/11/2021 ശേഷം ഉണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിലും അംഗീകാരം നൽകിവരുന്നു. |
| (സി) | ഹൈക്കോടതി വിധിപ്രകാരമുള്ള ഭിന്നശേഷി സംവരണ വിഭാഗത്തിന് തസ്തികകൾ നീക്കിവെച്ച ശേഷം ബാക്കിയുള്ള അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; | (സി) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 18/11/2018 നും 08/11/2021 നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായും 08/11/2021 ശേഷം ഉണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിലും അംഗീകാരം നൽകിവരുന്നു. ബഹു. ഹൈക്കോടതി വിധിപ്രകാരമുള്ള ഭിന്നശേഷി സംവരണ വിഭാഗത്തിന് തസ്തികകൾ നീക്കിവെച്ച ശേഷം ബാക്കിയുള്ള അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് എൻ.എസ്.എസ്. മാനേജ്മെൻറിന് കീഴിലുള്ള എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാണ് ബഹു. സുപ്രീം കോടതി അനുമതി നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമന അംഗീകാരം നൽകി അധ്യാപകർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും വേഗത്തിൽ നൽകുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ചട്ടപ്രകാരം നിയമന അംഗീകാരം നൽകി ശമ്പളവും മറ്റാനുകൂല്യങ്ങളും വേഗത്തിൽ നൽകുന്നതിനായി സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും ആവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നുണ്ട്. കൂടാതെ, വിദ്യാഭ്യാസ ആഫീസുകളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ തുടർ നിർദ്ദേശങ്ങൾ നൽകുകയും അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **ഒഴിവ് റിപ്പോർട്ട് ചെയ്ത തീയതി** | **റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം.** |
|---|---|
| 14.11.2024<br>(Anticipatory Vacancy) | 9 |
| 28.01.2025 | 1 |
| 30.01.2025 | 1 |
| 09.02.2025 | 1 |
| 29.01.2025 | 1 |
| 20.02.2025 | 1 |
| 05.05.2025 | 1 |
| 06.05.2025 | 2 |
| 03.06.2025 | 1 |
| 04.06.2025 | 1 |
| 05.06.2025 | 1 |
| 06.06.2025 | 1 |
| 10.06.2025 | 1 |
| 17.06.2025 | 1 |
| 01.07.2025 | 1 |
| 08.09.2025 | 1 |
| ആകെ | 25 |